LIBRARY ARCHIVES Kerala Legislative Assembly

**കടൽമാർഗ്ഗമുള്ള ചരക്ക് ഗതാഗതം**

364 (974) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യത്തിന് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കടൽമാർഗ്ഗമുള്ള ചരക്ക് ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ആവശ്യത്തിനായി കപ്പലുകളുടെ സേവനം ഏതെല്ലാം രീതിയിൽ ലഭ്യമാക്കുവാൻ കഴിയുമെന്നാണ് വിലയിരുത്തുന്നത്; വിശദമാക്കുമോ?

ഉണ്ട്. സംസ്ഥാനത്തിന്റെ ചരക്കുകടത്തിന്റെ ഇരുപത് ശതമാനമെങ്കിലും കപ്പൽ മാർഗ്ഗമാക്കിയാൽ ദേശീയപാതയിലെ വാഹനത്തിരക്കും അപകടവും ഗണ്യമായി കുറയ്ക്കാനാകുമെന്നതിനാൽ ആയതിന് ഏറ്റവും അനുയോജ്യമായ ബദൽ സംവിധാനമെന്ന നിലയിൽ 2013-ൽ ആരംഭിച്ച തീരദേശ കപ്പൽ ഗതാഗത പദ്ധതി ഇടയ്ക്കുവച്ച് തടസ്സപ്പെട്ടു. നിലവിൽ കൊച്ചി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള തീരദേശ കപ്പൽ ചരക്കുഗതാഗതം പുനരാരംഭിച്ചിട്ടുണ്ട്. ഇത് കൊല്ലത്തേക്ക് നീട്ടുവാൻ നടപടി സ്വീകരിച്ചുവരുന്നു. കപ്പൽ മാർഗ്ഗമുള്ള ചരക്കുകടത്ത് കേരളത്തിൽ അത്രകണ്ട് വികസിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഈ മേഖലയെ പ്രോൽസാഹിപ്പിക്കുന്നതിനായി കപ്പൽ ഉടമകൾക്ക് അവർ കൈകാര്യം ചെയ്യുന്ന കാർഗോ, പാസഞ്ചർ എന്നിവ പരിഗണിച്ച് ഇൻസെന്റീവ് നൽകിവരുന്നു. ടി സ്കീം കൂടുതൽ ആകർഷകമാക്കുന്നതിലേയ്ക്കായി നാറ്റ്പാക് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ റോഡിലൂടെയുള്ള ചരക്കുകൂലിയുടെ 10% ഇൻസെന്റീവായി നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. 'റൗണ്ട് ദ കോസ്റ്റ്' എന്ന പേരിലുള്ള ഷിപ്പിംഗ് ലൈനാണ് ഇപ്പോൾ തീരദേശ കപ്പൽ സർവ്വീസ് നടത്തുന്നത്.

**ലക്ഷദ്വീപിലേയ്ക്ക് ബേപ്പൂർ തുറമുഖം വഴിയുള്ള ചരക്ക് ഗതാഗതം**

365 (975) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലക്ഷദ്വീപുമായി പതിറ്റാണ്ടുകളുടെ ബന്ധമുള്ള ബേപ്പൂർ തുറമുഖത്തെ ഒഴിവാക്കി ദ്വീപിലേയ്ക്കുള്ള ചരക്ക് ഗതാഗതം മംഗളൂരുവിലേയ്ക്ക് മാറ്റാനുള്ള കേന്ദ്ര സർക്കാർ നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;